**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 781** **10-06-2021 - ൽ മറുപടിയ്ക്ക്**

**കോതമംഗലം-പെരുമ്പൻകുത്ത് രാജപാതയുടെ പുനർനിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | Shri P. A. Mohamed Riyas<br>(പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ) | കോതമംഗലം-പെരുമ്പൻകുത്ത് രാജപാതയുടെ (പഴയ മൂന്നാർ റോഡ്) പുനർനിർമ്മാണവുമായി ബന്ധപ്പെട്ട് നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (എ) | കോതമംഗലത്തു നിന്നും പെരുമ്പൻകുത്ത് വരെ 40 കി.മീ റോഡ് പൊതുമരാമത്ത് വകുപ്പിന്റെ കീഴിലാണ്. പൂയംകുട്ടി മുതൽ 10 കി.മീ റോഡ് വനം വകുപ്പ് അടച്ചിരിക്കുന്നതിനാൽ ഗതാഗതയോഗ്യമല്ല. തട്ടേക്കാട്ടുമുതൽ കുട്ടംമ്പുഴ വരെയുള്ള ഭാഗം കിഫ്ബിയിൽ ഉൾപ്പെടുത്തി നവീകരിച്ചു വരുന്നു. ആദ്യഭാഗത്ത് ബി.സി ഓവർലെ ചെയ്യുന്നതിന് വർക്ക് അറേഞ്ച് ചെയ്തിരുന്നുവെങ്കിലും കുടിവെള്ള പൈപ്പുകൾ സ്ഥാപിക്കുന്നതിനാൽ പണികൾ തുടങ്ങാൻ കഴിഞ്ഞില്ല. അതിനാൽ കരാറുകാരനെ ഒഴിവാക്കുന്ന നടപടികൾ നടന്നുവരുന്നു. പൂയംകുട്ടി മുതൽ പെരുമ്പൻകുത്ത് വരെയുള്ള വനത്തിലൂടെയുള്ള റോഡ് കയറ്റ് ഇറക്കങ്ങളില്ലാതെ മൂന്നാറിലേക്ക് യാത്ര ചെയ്യാനുള്ള ദൂരക്കുറവുള്ള റോഡായിരുന്നു. ബ്രിട്ടീഷുകാരുടെ കാലത്ത് സ്ഥാപിച്ച ഈ രാജപാതയിൽ പെരുമ്പൻകുത്തിലും പൂയംകുട്ടിയുടെയും ഇടയിൽ മലയിടിഞ്ഞതോടെയാണ് വനം വകുപ്പ് റോഡ് അടച്ചത്. ടി റോഡിലൂടെ ഒരു ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ അനുവദിയ്ക്കണമെന്ന് വനം വകുപ്പിന്റെ കോടനാട്, കോതമംഗലം, മൂന്നാർ ഡിവിഷൻ ഓഫീസുകളിൽ ആവശ്യപ്പെട്ടിട്ടുണ്ട്. അനുകൂലമായ മറുപടി ലഭിച്ചാൽ സർവ്വേ നടത്തി, എസ്റ്റിമേറ്റ് എടുത്ത്, ഡി.പി.ആർ തയ്യാറാക്കുന്നതടക്കമുള്ള നടപടികൾ സ്വീകരിക്കാനാകും. പെരുമ്പൻകുത്തു മുതൽ മൂന്നാർ വരെയുള്ള ഇടുക്കി ജില്ലയിലെ ഭാഗം നിലവിൽ പൊതുമരാമത്തു വകുപ്പിന് കീഴിലുള്ളതല്ല. |
| (ബി) | സഞ്ചാരയോഗ്യമല്ലാതായി തീർന്ന പ്രസ്തുത റോഡിന്റെ പുനർനിർമ്മാണത്തിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (ബി) | പെരുമ്പൻകുത്ത് വരെയുള്ള വനത്തിലൂടെയുള്ള റോഡ് കയറ്റ് ഇറക്കങ്ങളില്ലാതെ മൂന്നാറിലേക്ക് യാത്ര ചെയ്യാനുള്ള ദൂരക്കുറവുള്ള റോഡായിരുന്നു. ബ്രിട്ടീഷുകാരുടെ കാലത്ത് സ്ഥാപിച്ച ഈ രാജപാതയിൽ പെരുമ്പൻകുത്തിലും |

| | | | |
|---|---|---|---|
| | | | പൂയംകുട്ടിയുടെയും ഇടയിൽ മലയിടിഞ്ഞതോടെയാണ് വനം വകുപ്പ് റോഡ് അടച്ചത്. ടി റോഡിലൂടെ ഒരു ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ അനുവദിയ്ക്കണമെന്ന് വനം വകുപ്പിന്റെ കോടനാട്, കോതമംഗലം, മൂന്നാർ ഡിവിഷൻ ഓഫീസുകളിൽ ആവശ്യപ്പെട്ടിട്ടുണ്ട്. അനുകൂലമായ മറുപടി ലഭിച്ചാൽ സർവ്വേ നടത്തി, എസ്റ്റിമേറ്റ് എടുത്ത്, ഡി.പി.ആർ തയ്യാറാക്കുന്നതടക്കമുള്ള നടപടികൾ സ്വീകരിക്കാനാകും. പെരുമ്പൻകുത്തു മുതൽ മൂന്നാർ വരെയുള്ള ഇടുക്കി ജില്ലയിലെ ഭാഗം നിലവിൽ പൊതുമരാമത്തു വകുപ്പിന് കീഴിലുള്ളതല്ല. |
| (സി) | കോതമംഗലത്ത് നിന്നും എളുപ്പത്തിൽ മൂന്നാറിൽ എത്തിച്ചേരുവാൻകഴിയുന്നതും, ഏകദേശം 20 കിമീ ദൂരം കുറവായതുമായ പ്രസ്തുത റോഡ് പുനർനിർമ്മിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | പെരുമ്പൻകുത്ത് വരെയുള്ള വനത്തിലൂടെയുള്ള റോഡ് കയറ്റ് ഇറക്കങ്ങളില്ലാതെ മൂന്നാറിലേക്ക് യാത്ര ചെയ്യാനുള്ള ദൂരക്കുറവുള്ള റോഡായിരുന്നു. ബ്രിട്ടീഷുകാരുടെ കാലത്ത് സ്ഥാപിച്ച ഈ രാജപാതയിൽ പെരുമ്പൻകുത്തിലും പൂയംകുട്ടിയുടെയും ഇടയിൽ മലയിടിഞ്ഞതോടെയാണ് വനം വകുപ്പ് റോഡ് അടച്ചത്. ടി റോഡിലൂടെ ഒരു ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ അനുവദിയ്ക്കണമെന്ന് വനം വകുപ്പിന്റെ കോടനാട്, കോതമംഗലം, മൂന്നാർ ഡിവിഷൻ ഓഫീസുകളിൽ ആവശ്യപ്പെട്ടിട്ടുണ്ട്. അനുകൂലമായ മറുപടി ലഭിച്ചാൽ സർവ്വേ നടത്തി, എസ്റ്റിമേറ്റ് എടുത്ത്, ഡി.പി.ആർ തയ്യാറാക്കുന്നതടക്കമുള്ള നടപടികൾ സ്വീകരിക്കാനാകും. പെരുമ്പൻകുത്തു മുതൽ മൂന്നാർ വരെയുള്ള ഇടുക്കി ജില്ലയിലെ ഭാഗം നിലവിൽ പൊതുമരാമത്തു വകുപ്പിന് കീഴിലുള്ളതല്ല. |

സെക്ഷൻ ഓഫീസർ